LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഇൻസ്പെക്ടർ തസ്തിക

94 (5499) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-7-2010 -ലെ സർക്കാർ ഉത്തരവ് നമ്പർ 180/2010/റ്റി.ഡി. പ്രകാരം സൃഷ്ടിച്ച 31 എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിലേക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ആയത് എത്രയും വേഗം റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ വേക്കൻസികൾ കൂടി റിപ്പോർട്ട് ചെയ്താൽ കേഡർ സ്ട്രെങ്ത് മെയിന്റയിൻ ചെയ്യുവാൻ സാധിക്കുമോ ?

ഉത്തരം

(എ&ബി) 9-7-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 31 എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടിയെടുത്തു വരുന്നു.

(സി) സ്പെഷ്യൽ റൂൾ സ്പഷ്ടീകരണം നടത്തുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ മറുപടി നൽകാനാവൂ.

എക്സൈസ് ഇൻസ്പെക്ടർ തസ്തിക

95 (5500) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-6-2001 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എക്സൈസ് ഡിപ്പാർട്ടിമെന്റിൽ നിന്നും വിരമിച്ചവരുടെയും മരണപ്പെട്ടിട്ടുള്ളവരുടെയും വിവരങ്ങൾ, വിരമിച്ച തീയതി, മരണപ്പെട്ടിട്ടുള്ള തീയതി, അവരുടെ പേര് വിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഈ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ കാലയളവിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1-6-2001 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിരമിച്ചവരും മരണപ്പെട്ടവരുമായ എക്സൈസ് ഇൻസ്പെക്ടർമാരുടെ വിവരങ്ങൾ "അനുബന്ധം-എ" ആയി ചേർത്തിരിക്കുന്നു.†

(ബി) ഈ കാലയളവിൽ 75 എക്സൈസ് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. ലഭ്യമായ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.†

(സി) ഈ കാലയളവിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിച്ചിട്ടില്ല.

കശുവണ്ടി തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി

96 (5501) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് നടപ്പുവർഷം എത്ര ദിവസത്തെ ജോലി നൽകാൻ കഴിഞ്ഞെന്ന് വെളിപ്പെടുത്തുമോ ;

(ബി) കശുവണ്ടി തൊഴിലാളികളുടെ നിലവിലുള്ള കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) കശുവണ്ടി വ്യവസായരംഗത്ത് നിലനിന്നിരുന്ന തൊഴിൽ നിയമ നിഷേധത്തെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ; ആ നടപടികൾ കൊണ്ട് ഈ രംഗത്ത് പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2009-2010 സാമ്പത്തിക വർഷം 284 ദിവസത്തെ ജോലി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകി വരികയാണ്. കാപെക്സിൽ ഈ വർഷം (20-7-2010 വരെ) 153 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. ഈ വർഷം 270 തൊഴിൽ ദിനമെങ്കിലും നൽകുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

(ബി) സ.ഉ. 38/2010/തൊഴിൽ തീയതി 15-3-2010-ലെ വിജ്ഞാപന പ്രകാരം കശുവണ്ടി വ്യവസായ മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ടി കമ്മിറ്റിയുടെ കാലാവധി ആറു മാസമാണ്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായ മേഖലയിലെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാവുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിക്കും.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly